Spedizione in abbonamento postale Roma, conto corrente postale n. 649004
Copia € 1,50 Copia arretrata € 3,00 (diffusione e vendita 1-2 aprile 2022)

L'OSSERVATORE ROMANO

GIORNALE QUOTIDIANO POLITICO RELIGIOSO
*Unicuique suum* *Non praevalebunt*

Anno CLXII n. 75 (48.994) Città del Vaticano venerdì 1 aprile 2022

വത്തിക്കാന്റെ ഔദ്യോഗിക ദിനപത്രമായ 'ഒസർവതോരെ റൊമാനോ'യിൽ (1 ഏപ്രിൽ 2022) എറണാകുളം-അങ്കമാലി അതിരൂപതയിലെ ദൈവജനത്തിന് ഫ്രാൻസിസ് മാർപാപ്പ എഴുതിയ ഇടയലേഖനത്തെക്കുറിച്ചുവന്ന ലേഖനത്തിന്റെ മൊഴിമാറ്റം

## ഈസ്റ്ററോടുകൂടി ഏകീകൃത കുർബാനയർപ്പണം

സീറോ മലബാർ സിനഡിന്റെ തീരുമാനം നടപ്പിലാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതക്കയച്ച കത്തിന്റെ ഉള്ളടക്കം

"സീറോ മലബാർ സഭയുടെ സിനഡ് നിഷ്കർഷിച്ചപ്രകാരമുള്ള കുർബാനയർപ്പണരീതി 2022 ഈസ്റ്ററിനു മുമ്പായി നടപ്പിലാക്കാൻ ശ്രദ്ധിക്കണമെന്ന് പിതൃവാത്സല്യത്തോടെ നിങ്ങളെ ഞാൻ ഉദ്ബോധിപ്പിക്കുന്നു" എന്ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ ദൈവജനത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ള കത്തിൽ ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിച്ചു. നമ്മുടെ കർത്താവിന്റെ മംഗളവാർത്ത തിരുനാളായ മാർച്ച് 25-ാം തീയതി എഴുതിയ ഈ കത്ത് ഇംഗ്ലീഷ് ഭാഷയിലാണ് തയ്യാറാക്കിയിരിക്കുന്നത്. "ആരാധനാക്രമകാര്യങ്ങൾ നിർണയിക്കാൻ പരമോന്നതാധികാരമുള്ള" മെത്രാൻ സിനഡ് പരിശുദ്ധ കുർബാനയുടെ അർപ്പണരീതി സംബന്ധിച്ച് കുറച്ചു വർഷങ്ങൾക്കു മുമ്പ് എടുത്ത തീരുമാനം പുനഃനിഷ്കർഷിച്ചതിനെ തുടർന്ന് ഇന്ത്യയിലെ ഏറ്റവും വലിയ പൗരസ്ത്യസഭയിൽ ഉടലെടുത്ത തർക്കത്തിൽ ഇടപെട്ടുകൊണ്ടാണ് മാർപാപ്പ ഈ കത്തെഴുതിയിരിക്കുന്നത്.

റോമിന്റെ മെത്രാൻകൂടിയായ മാർപാപ്പ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: "നിങ്ങളുടെ സഭയിൽ വിവിധ സ്ഥലസാഹചര്യങ്ങളിൽ നിലനിന്നിരുന്ന വ്യത്യസ്ത അർപ്പണരീതികൾ മനസിലാക്കിക്കൊണ്ടുതന്നെ അവരവരുടെ അർപ്പണരീതിയിൽനിന്ന് ഒരു ചുവട് പിന്നോട്ടുവയ്ക്കുവാൻ സിനഡ് എല്ലാവരോടും ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ ഓരോരുത്തരും തങ്ങളുടെ സ്വന്തം പ്രത്യേകതയായി കരുതിയിരുന്ന അർപ്പണരീതി ത്യജിച്ച്, സ്നേഹത്തെയും ഉപരിസാക്ഷ്യത്തെയുംപ്രതി സഭാകൂട്ടായ്മയുടെ ഒരു അടയാളം പ്രകടമാക്കാൻവേണ്ടിയായിരുന്നു അത്." എന്നാൽ നിർഭാഗ്യവശാൽ, "പരിഷ്കരിച്ച കുർബാനക്രമം അർപ്പിച്ചു തുടങ്ങാൻ തീരുമാനിച്ച 2021 നവംബർ 28-ാം തീയതി 34 രൂപതകൾ സിനഡുതീരുമാനം നടപ്പിലാക്കാൻ സന്നദ്ധരായപ്പോഴും", ഖേദത്തോടെ പാപ്പ കുറിക്കുന്നു, എറണാകുളം-അങ്കമാലി അതിരൂപതയുടെ കാര്യത്തിൽ അത് സംഭവിച്ചില്ല. മറിച്ച്, അവർ "സൂക്ഷ്മമായ വിചിന്തനത്തിനുശേഷവും, സീറോ മലബാർ സഭയുടെ കൂട്ടായ്മയിൽനിന്ന് ഒറ്റപ്പെട്ടുമാറി, തങ്ങളുടെ പ്രത്യേക അർപ്പണരീതിതന്നെ തുടരാൻ തീരുമാനിച്ചു".

ഇത്തരുണത്തിൽ മാർപാപ്പയ്ക്കു ഉപദേശിക്കാനുള്ളത്, "ക്രൈസ്തവ വിശ്വാസികൾ എന്ന നിലയിൽ നമ്മുടെ പ്രവർത്തനരീതിയെക്കുറിച്ച് സ്വയം ചിന്തിക്കുന്നത് നന്നായിരിക്കും" എന്നതാണ്. "നാം എങ്ങനെയാണ് നമ്മുടെ വിയോജിപ്പുകൾ പ്രകടമാക്കുന്നത്, എങ്ങനെയാണ് പ്രയാസങ്ങളും

താഴ്ത്തപ്പെടലുകളും നാം സ്വീകരിക്കുന്നത്, എങ്ങനെയാണ് നമ്മുടെ ഇഷ്ടങ്ങളിൽനിന്ന് നാം പിൻവാങ്ങാറുള്ളത്. ഇത്, മാനുഷിക മാനദണ്ഡമനുരിച്ചുള്ള ജയപരാജയങ്ങൾക്ക് അനുസൃതമാവരുത്, ഒരു ഗ്രൂപ്പിനെതിരെ മറ്റൊന്ന് എന്ന വിധത്തിലും ആവരുത്; മറിച്ച്, കർത്താവിലേയ്ക്ക് നോക്കികൊണ്ടാവണം. അവിടുത്തെ പെസഹാരഹസ്യം ആഘോഷിച്ചുകൊണ്ടുമാത്രമല്ല, അവിടുത്തെ പീഡാസഹനത്തിൽ ആരംഭിച്ച് അവനോടൊപ്പം അത് ജീവിക്കാൻ സന്നദ്ധരായിക്കൊണ്ടാവണം."

ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നതിനായി ക്രിസ്തുവിന്റെ മാതൃകയെക്കുറിച്ചുള്ള ഒരു വിചിന്തനത്തോടെയാണ് മാർപാപ്പ ഈ കത്ത് ആരംഭിക്കുന്നത്: "നേട്ടം, ജീവിതവിജയം എന്നിങ്ങനെ മാനുഷിക അവകാശവാദങ്ങളിൽനിന്നെല്ലാം ക്രിസ്തു പിന്മാറി". ആയതിനാൽ, ഫ്രാൻസിസ് പാപ്പ അടിവരയിട്ടു വിശദീകരിക്കുന്നു, "ഒരു സഭയെന്ന നിലയിൽ നാമെല്ലാവരും … ഈശോയോടൊപ്പവും  ഈശോയെപ്പോലെയും ജീവിക്കേണ്ടതുണ്ട്,  അവിടുത്തെപ്പോലെ അപമാനത്തിന്റെയും കുരിശിന്റെയും പാത സ്വീകരിക്കേണ്ടതുണ്ട്.  നമുക്ക് വിഘടിച്ച് ജീവിക്കാനാവില്ല. ഭിന്നിപ്പ് നാം സൃഷ്ടിക്കാൻ പാടില്ല, നാംതന്നെ ഉതപ്പിന്റെ കാരണക്കാരായിത്തീരാനും പാടില്ല."

സിനഡൽ തീരുമാനം ഉടനടി നടപ്പിലാക്കണം എന്നാവശ്യപ്പെടുമ്പോഴും മറ്റൊരു സാധ്യത കൂടി പാപ്പ തുറന്നിട്ടിട്ടുണ്ട്. "വന്നിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ എല്ലാവരെയും തയ്യാറാക്കുന്നതിനായി, മറ്റു ചില സ്ഥലങ്ങളിൽ ചെയ്തതുപോലെ, വിപുലമായ ആരാധനക്രമപരിശീലനത്തിന് കൂടുതൽ സമയം ചില ഇടവകകൾക്ക് ആവശ്യമായി വന്നേക്കാം." സിനഡിന്റെ തീരുമാനത്തെ മറിക്കടക്കാനല്ലെങ്കിൽ ഈ സാധ്യത മനസിലാക്കാവുന്നതാണന്ന് പാപ്പ സമ്മതിക്കുന്നു. ഇത്തരം സാഹചര്യമുള്ളിടത്തുമാത്രം, "സഭാനിയമം അനുവദിക്കുന്നതുപോലെ, ഇതിനാവശ്യമായ ഒഴിവ് അതിരൂപതയുടെ അദ്ധ്യക്ഷനായ മേജർ ആർച്ചുബിഷപ്പിനോടോ,  അദ്ദേഹത്തിന്റെ അനുവാദത്തോടെ അദ്ദേഹത്തിന്റെ വികാരിയോടോ ചോദിക്കാവുന്നതാണ്. പക്ഷേ, പൗരസ്ത്യ കാനൻ നിയമം അനുശാസിക്കുന്നതുപ്രകാരം നിശ്ചിതകാലത്തേയ്ക്കു മാത്രമാവും ഈ ഒഴിവ് അനുവദിക്കുക."

"പ്രയാസമുള്ളതും വേദനാജനകവുമായ ഒരു ചുവടുവയ്ക്കാനാണ്  ആവശ്യപ്പെടുന്നത്" എന്നുള്ള നല്ല ബോധ്യം തനിക്കുണ്ടെന്ന് പാപ്പ സമ്മതിക്കുന്നു. എന്നിരുന്നാലും, "കർത്താവിന്റെ സ്വരം ശ്രവിക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർത്ഥനയിലും വിശ്വാസമർപ്പിക്കാനും തയ്യാറുള്ള വൈദികരും അല്മായവിശ്വാസികളും ഈ അതിരൂപതയിൽ ഉണ്ടാവുമെന്ന്" പാപ്പ വിശ്വസിക്കുന്നു. കൂടാതെ, ഇതുകൂടി കൂട്ടിചേർക്കുന്നു: "ഈ വിശ്വസ്തത സീറോ മലബാർ സഭയുടെ നൂറ്റാണ്ടുകളായുള്ള സ്വഭാവസവിശേഷതയാണ്. ചരിത്രത്തിന്റെ ഗതിവിഗതികളിൽ സംഭവിച്ച നിവരധി തെറ്റിദ്ധാരണകളെ മറികടക്കാൻ ഈ വിശ്വസ്തത നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഇന്നാകട്ടെ നിങ്ങളിൽ ദൈവവിളിയും മിഷൻ തീക്ഷ്ണതയും വളർത്താൻ സഹായിക്കുന്നതും അതുതന്നെയാണ്. നിങ്ങൾ ചെയ്യുന്ന ത്യാഗം കർത്താവ് വിസ്മരിക്കില്ല; ഒടുവിൽ, അവിടുത്തെ അനുഗ്രഹങ്ങളുടെ സമൃദ്ധിയിലേക്ക് നിങ്ങളുടെ ഹൃദയങ്ങൾ തുറക്കപ്പെടും."

സങ്കീർത്തനവചനവും ഹോസിയായുടെ പ്രവചനവും ഉദ്ധരിച്ചുകൊണ്ടാണ് ഈ കത്ത് മാർപാപ്പ ഉപസംഹരിക്കുന്നത്. "കർത്താവിനോടൊപ്പം വിതച്ചാൽ അവനോടൊപ്പം നമുക്കു കൊയ്യാം. മറിച്ച്, കാറ്റു വിതച്ചാൽ കൊടുങ്കാറ്റാവും കൊയ്യുക: നിങ്ങളായിരിക്കുന്ന അതിസങ്കീർണ്ണ സാഹചര്യത്തിൽ സംജാതമായിരിക്കുന്ന ഭിന്നതയുടെയും ഉതപ്പിന്റെയും എതിർസാക്ഷ്യങ്ങളുടെയും പശ്ചാത്തലത്തിൽ ഇത് നിസംശയമാണ്."